(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ ഏതൊക്കെയാണെന്നും എന്നത്തേക്ക് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൃഷി ഡയറക്ടറേറ്റിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവ ഒഴികെയുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 1. എൽ.ഡി. ക്ലർക്ക് | - | 8 |
| 2. എൽ.ഡി. ടൈപ്പിസ്റ്റ് | - | 1 |
| 3. എൽ.ജി.എസ്. | - | 1 |

ഇവയിൽ എൽ.ജി.എസ്.-ന്റെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം, താഴ്ന്ന തസ്തികകളിലുള്ള ജീവനക്കാരുടെ സ്ഥാനകയറ്റം തുടങ്ങിയവ മുഖേന നികത്തേണ്ടവ യാകയാൽ എൽ.ഡി.ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ മേൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നവയല്ല.

## കൃഷി അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം

**143 (4178)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ SD (1) 26167/2011 തീയതി 2-8-2012 പ്രകാരം കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച കൃഷി അസിസ്റ്റന്റുമാർക്കുവേണ്ടി പുതിയ കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽ ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച് ഏതെങ്കിലും കോടതികളിലോ ട്രിബ്യൂണലിലോ കേസ് നിലവിലുണ്ടോ ; ഇതിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; മേൽഉത്തരവ് പ്രകാരമുള്ള പ്രൊമോഷൻ സ്പെഷ്യൽ റൂൾ അനുസരിച്ചാണോ നടത്തിയതെന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച കൃഷി അസിസ്റ്റന്റുമാർക്ക വേണ്ടി പുതിയ കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) കേസ് നിലവിലില്ല.

(സി) ഇല്ല. കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമാണ് നടത്തിവരുന്നത്.

## കൃഷി അസിസ്റ്റന്റുമാരുടെയും കൃഷി ഓഫീസർമാരുടെയും പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

**144 (4179)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കൃഷി ഓഫീസർ ജില്ലയ്ക്കുള്ളിൽനടത്തുന്ന കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതുസ്ഥലംമാറ്റത്തിന് പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലാ ഓഫീസറുടെ E(1)433/2015 തീയതി 19-6-2015 പ്രകാരം സ്ഥലംമാറ്റപ്പെട്ടവർ ഓരോരുത്തരും അവർ ജോലിചെയ്തിരുന്ന ഓഫീസുകളിൽ തുടർച്ചയായി എത്ര വർഷം, എത്ര മാസം, എത്ര ദിവസം ജോലിചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥലംമാറ്റപ്പെട്ടവരിൽ അപേക്ഷ നൽകാത്തവർ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു കാരണത്താലാണ് അവരെ സ്ഥലം മാറ്റിയത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതു സ്ഥലംമാറ്റത്തിന് പാലക്കാട് ജില്ലയിൽ 57 അപേക്ഷകൾ ലഭിച്ചു.

(ബി) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിൽ ബാധകം.